# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.837 28.04.2017 ൽ മറുപടിക്ക്**

**കിഫ്ബി മുഖേന നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2017-18 വർഷത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളുടെ വിശദവിവരം നൽകുമോ; | എ) 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 182 റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി 5628.00 കോടി രൂപയുടെയും, 69 പാലങ്ങൾ / മേൽപ്പാലങ്ങൾക്കുമായി 2557.00 കോടി രൂപയുടെയും മലയോര ഹൈവേ പദ്ധതിയിലുൾപ്പെട്ട 1267 കി മീ റോഡുകൾക്കായി 3500.00 കോടി രൂപയുടെയും , തീരദേശ ഹൈവേ നിർമ്മാണത്തിൽ ഉൾപ്പെട്ട 630കി.മീ റോഡുകൾക്കായി 6500.00 കോടി രൂപയും കിഫ്ബി വഴി നിക്ഷേപം നടത്തി പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവർത്തനങ്ങൾ നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതാണ്.<br>പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ രജിസ്ട്രേഷൻ വകുപ്പിലേയ്ക്കായി 2016-17 സാമ്പത്തിക വർഷം രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണത്തിനായി നികുതി വകുപ്പിൽ നിന്നും 49.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>ദേശീയപാത വിഭാഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ<br>1. തിരുവനന്തപുരം ജില്ലയിലെ കരമന - കളിയിക്കാവിള ദേശീയപാത ഒന്നാം ഘട്ടം രണ്ടാം റീച്ച് - പ്രാവച്ചമ്പലം മുതൽ വഴിമുക്ക വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കി കിഫ്ബി മുഖേന വികസിപ്പിക്കുന്നതിന് 153 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>2. കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം കിഫ്ബി മുഖേന നടപ്പിലാക്കുവാൻ പ്രാഥമിക അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | കോങ്ങാട് മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള കിഫ്ബിയിൽ ഉൾപ്പെടുത്തിയ പി.ഡബ്ല്യു.ഡി.യുടെ പദ്ധതികൾ ഏതൊക്കെയാണ്; വിശദവിവരം നൽകുമോ; ഏതൊക്കെ എസ്.പി.വി. കൾ വഴിയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ? | ബി) | നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2016-17വർഷത്തിൽ കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. കോങ്ങാട് - മണ്ണാർകാട് - ടിപ്പുസുൽത്താൻ റോഡ് കി മീ 0/000 മുതൽ 16/990 വരെ ( ഇൻ വെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു) - 15.00 കോടി രൂപ<br>2. ചിറയ്ക്കൽപടി - കാഞ്ഞിരപ്പുഴ റോഡ് കി മീ 0/000 മുതൽ 8/000 വരെ ( ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു) - 10.00 കോടി രൂപ.<br>3. പറളി - കോട്ടായി റോഡിൽ കി മീ 1/400 മുതൽ ഭാരതപ്പുഴയ്ക്ക് കുറുകെ ഓടന്നൂർ പാലത്തിന്റെ നിർമ്മാണം - ( ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു) -15.00 കോടി രൂപ .<br>കേരള റോഡ് ഫണ്ട് ബോർഡിനെ എസ് പി വി ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ